# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 719** **09.08.2017-ൽ മറുപടിയ്ക്ക്**

## പട്ടികജാതി -പട്ടികവർഗ്ഗ വികസന പദ്ധതികൾ

**ചോദ്യം**
ശ്രീ.സി.മമ്മൂട്ടി
ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്
ശ്രീ.ടി.എ.അഹമ്മദ് കബീർ
ശ്രീ.മഞ്ഞളാംകുഴി അലി

**മറുപടി**
ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന പട്ടികജാതി-പട്ടികവർഗ്ഗ വികസന പദ്ധതികൾ എന്തെല്ലാമാണ്; | എ) | പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകൾ മുഖേന നടപ്പിലാക്കിയ വികസന പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. |
| ബി) | പ്രസ്തുത പദ്ധതികളിലൂടെ ഇവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരുവാൻ കഴിഞ്ഞിട്ടുണ്ടോ; | ബി) | പട്ടികജാതി - പട്ടികവർഗ്ഗക്കാരെ മുഖ്യധാരയിലെത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് വകുപ്പുകൾ വിവിധ പദ്ധതികൾ നടപ്പാക്കുന്നത്. വിദ്യാഭ്യാസം, ഭവന സൗകര്യം, അടിസ്ഥാന സൗകര്യവികസനം എന്നീ മേഖലകളിൽ വലിയ മാറ്റം ഉണ്ടായിട്ടുണ്ട്. ഇവയുടെ തുടർന്നുള്ള പുരോഗതിയ്ക്കുതകുന്ന താഴെ പറയുന്ന പദ്ധതികളാണ് സർക്കാർ നടപ്പിലാക്കി വരുന്നത്.<br>**1. ഭവനനിർമ്മാണ ധനസഹായം**<br>വകുപ്പ് നടപ്പിലാക്കുന്ന ഭവനനിർമ്മാണ ധനസഹായ പദ്ധതിയിലൂടെ നിർദ്ധനരായ പട്ടികജാതി കുടുംബങ്ങളുടെ സാമൂഹിക സുരക്ഷിതത്വം ഉറപ്പാക്കാൻ കഴിയുന്നു.<br>**2. വിദ്യാഭ്യാസ പദ്ധതി**<br>ഒന്നാം ക്ലാസ് മുതൽ ഉന്നത വിദ്യാഭ്യാസതലം വരെയുള്ള കോഴ്സുകളിൽ പഠിയ്ക്കുന്ന പട്ടികജാതി |

വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നതിലൂടെ അവർക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ആർജ്ജിക്കുവാനും, വിദ്യാഭ്യാസ പുരോഗതിയും, സാമൂഹിക പുരോഗതിയും കൈവരിക്കാൻ കഴിയുന്നു.

**3. സ്വയംതൊഴിൽ പദ്ധതി**

അഭ്യസ്തവിദ്യരും, തൊഴിൽരഹിതരുമായ പട്ടികജാതി യുവതിയുവാക്കൾക്ക് ലഭ്യമാകുന്ന സ്വയം തൊഴിൽ വായ്പയുടെ മൂന്നിലൊന്ന് തുക സബ്സിഡിയായി വകുപ്പിൽ നിന്നും അനുവദിക്കുന്നതിലൂടെ ടി ഗുണഭോക്താക്കൾക്ക് സ്വന്തമായി ഒരു ബിസിനസ് സംരംഭം ആരംഭിക്കുവാനും വിദേശത്ത് പോകുന്നവർക്കുള്ള ധനസഹായ പദ്ധതിയിലൂടെയും തൊഴിൽ രംഗത്തും സാമ്പത്തിക നേട്ടം കൈവരിക്കുവാനും സാധിക്കുന്നു.

**4.** ചികിത്സാ ധനസഹായം, വിവാഹ ധനസഹായം എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിലൂടെ ഗുരുതരമായ രോഗം ബാധിച്ച പട്ടികജാതിക്കാർക്ക് ആരോഗ്യസ്ഥിതി വീണ്ടെടുക്കുവാനും, പാവപ്പെട്ട പട്ടികജാതി കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹം സാമ്പത്തിക ബാധ്യത വരാത്ത വിധത്തിൽ നടത്താനും കഴിയുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പിനെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**1.** എല്ലാ പട്ടികവർഗ്ഗ പ്രദേശത്തിനും ആവശ്യം വേണ്ട ഭൗതീക സജ്ജീകരണങ്ങൾ, സാമ്പത്തിക വികസനം, സാംസ്കാരിക ഉന്നമനം എന്നിവ ലക്ഷ്യം വച്ച് പദ്ധതികൾ ആവിഷ്കരിച്ച്

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുന്നതിനാൽ പട്ടികവർഗ്ഗക്കാരുടെ ജീവിത നിലവാരത്തിൽ കാര്യമായ പുരോഗതി ഉണ്ടാകുന്നുണ്ട്.<br>**2.** വകുപ്പ് നൽകുന്ന പ്രോത്സാഹനത്തിലൂടെ പട്ടികവർഗ്ഗ വിഭാഗത്തിന് വിദ്യാഭ്യാസ പുരോഗതി കൈവരിക്കാനാകുന്നുവെന്ന് വിവിധ യോഗ്യത നേടുന്നവരുടെ എണ്ണം തെളിയിക്കുന്നു.<br>**3.** ഭൗതിക പശ്ചാത്തല മേഖലകളിലും സാമ്പത്തിക മേഖലകളിലും പുരോഗതി കൈവരിക്കുന്നതിനായി വാസയോഗ്യമായ വീട്, സമ്പൂർണ്ണ വൈദ്യുതീകരണം, കുടിവെള്ളം, സഞ്ചാരയോഗ്യമായ റോഡ്, പാലം, കമ്മ്യൂണിറ്റി ഹാൾ, സഹായി സെന്ററുകൾ തുടങ്ങിയ പശ്ചാത്തല സൗകര്യങ്ങളും, നൈപുണ്യ വികസനം, സ്വയം തൊഴിൽ പദ്ധതികളിലൂടെ വരുമാനദായക സംരംഭങ്ങൾ എന്നിവ സൃഷ്ടിക്കുവാനായിട്ടുണ്ട്.<br>**4.** പട്ടികവർഗ്ഗ മേഖലയിൽ ചെലവഴിക്കുന്ന തുകയ്ക്ക് ആനുപാതികമായി അവരുടെ ജീവിത സാഹചര്യങ്ങളിൽ ഉണ്ടാകുന്ന പുരോഗതി അവരെ മുഖ്യധാരയിലേക്ക് എത്തിക്കുന്നുവെന്നത് പട്ടികവർഗ്ഗ സർവ്വേ റിപ്പോർട്ടിലും, വിവിധ പഠന റിപ്പോർട്ടുകളിലും തെളിയിക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| സി) | ഈ വിഭാഗത്തിലെ എല്ലാവർക്കും പ്രയോജനം ലഭിക്കുന്ന രീതിയിൽ പദ്ധതികൾ ആസൂത്രണം ചെയ്യാൻവേണ്ട നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | സി) | അർഹരായ എല്ലാ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കും പ്രയോജനം ലഭിക്കുന്ന രീതിയിലാണ് പദ്ധതികൾ നടപ്പിലാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ

## പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

1) ഭൂരഹിതർക്ക് ഭവനനിർമ്മാണത്തിനുള്ള ഭൂമി
2) ഭവനരഹിതർക്ക് ഭവനം
3) പട്ടികജാതി വിഭാഗത്തിലെ ദുർബല വിഭാഗത്തിനുള്ള വികസന പരിപാടികൾ
4) പ്രത്യേക ഘടക പദ്ധതിയിൽ ഉൾപ്പെട്ട പ്രത്യേക പ്രോജക്ടുകൾക്കുള്ള പൂൾഡ് ഫണ്ട്
5) മരാമത്തും, കെട്ടിടവും
6) പട്ടികജാതി വികസന വകുപ്പിന്റെ നവീകരണവും, ഇ-ഗവേണൻസ് സംരംഭങ്ങളും
7) പ്രത്യേക ഘടകപദ്ധതി പ്രകാരമുള്ള കോർപ്പസ് ഫണ്ട് (വികസന പരിപാടികളിലെ നിർണ്ണായകമായ വിടവ് നികത്തൽ പദ്ധതി)
8) പട്ടികജാതി പട്ടികവർഗ്ഗ ഫെഡറേഷനുള്ള ധനസഹായം
9) പട്ടികജാതി യുവതികൾക്ക് വിവാഹ ധനസഹായം
10) വെള്ളായണിയിലുള്ള അയ്യൻകാളി മെമ്മോറിയൽ മാതൃകാ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ ഉൾപ്പെടെയുള്ള മാതൃക റസിഡൻഷ്യൽ സ്കൂളുകളുടെ നടത്തിപ്പ്.
11) പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനായുള്ള ധനസഹായം
12) തൊഴിലിനും പരിശീലനത്തിനും മാനവ വിഭവ ശേഷി വികസനത്തിനുമുള്ള സഹായം.
13) കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗവികസന കോർപ്പറേഷൻ ലിമിറ്റഡ് - എസ്.സി.പി (51% സംസ്ഥാന വിഹിതം)
14) തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാ ക്കുന്ന പരിപാടികൾ, പ്രീമെട്രിക് ഹോസ്റ്റൽ വിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകുന്നതിനുള്ള പദ്ധതി എസ്.സി.പി
    a) പ്രീ-പ്രൈമറി വിദ്യാർത്ഥികൾക്ക്കളിക്കോപ്പുകളും, പഠന സാമഗ്രഹികളും വാങ്ങുന്നതിനും, അധ്യാപകർക്ക് honorarium നൽകുന്നതിനുമുള്ള പദ്ധതി.
    b) ഹോസ്റ്റലുകളിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്ക് ബോർഡിംഗ് ഗ്രാന്റ് നൽകുന്നതിനുള്ള പദ്ധതി
    c) പ്രീമെട്രിക് ഹോസ്റ്റൽ വിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകുന്നതിനുള്ള പദ്ധതി

15) പ്രത്യേക ഘടകപദ്ധതിക്കുള്ള പ്രത്യേക കേന്ദ്രസഹായം
താഴെ പറയുന്ന 100%, 50% കേന്ദ്ര ധനസഹായത്തോടെയുള്ള
പദ്ധതികൾ വകുപ്പ് നടപ്പിലാക്കി വരുന്നു.

a) പട്ടികജാതി വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക്സ്കോളർഷിപ്പ്

b) പട്ടികജാതി വിദ്യാർത്ഥികളുടെ നിലവാരം മെച്ചപ്പെടുത്തൽ

c) പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (പോസ്റ്റ് മെട്രിക്)
ജഗജീവൻ റാം ഛത്രവാസ് യോജന (100% കേന്ദ്രാവിഷ്കൃത പദ്ധതി)

d) വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കുട്ടികൾക്കായുള്ള
പ്രീമെട്രിക് സ്കോളർഷിപ്പുകൾ

e) 9 ഉം 10 ഉം ക്ലാസ്സുകളിൽ പഠിയ്ക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾ
ക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പ് (100% കേന്ദ്രവിഹിതം)

f) പ്രധാനമന്ത്രി ആവാസ് യോജ്ന പ്രത്യേക ഘടക പദ്ധതി
(60% കേന്ദ്രവിഹിതം)

g) എൻ.ആർ.എൽ.എം (ദേശീയ ഗ്രാമീണ ഉപജീവന മിഷൻ)
പ്രത്യേക ഘടക പദ്ധതി (60% കേന്ദ്രവിഹിതം)

h) ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (50% സംസ്ഥാന വിഹിതം)

i) പൗരവകാശ സംരക്ഷണ നിയമവും അതിക്രമങ്ങൾ തടയൽ നിയമം
നടപ്പാക്കലും (50% സംസ്ഥാന വിഹിതം)

Mo. 719

ഭരണാനുമതി

## പട്ടികവർഗ്ഗ ഉപപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന വിവിധ വികസന പദ്ധതികൾ

| ക്രമ നം | പദ്ധതികൾ | തുക (രൂപ ലക്ഷം) |
|---|---|---|
| എ | സംസ്ഥാന പദ്ധതികൾ | |
| 1 | വിദ്യാർത്ഥികൾക്ക് പ്രോൽസാഹനവും സഹായവും | |
| | (1) സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോൽസാഹനം. | 100.00 |
| | (2) അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്മെന്റ് പദ്ധതി | 60.00 |
| | (3) സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്ക് പഠന യാത്രയ്ക്കുള്ള സഹായം | 70.00 |
| | (4) അനാഥരായ കുട്ടികൾക്കുള്ള സഹായം | 100.00 |
| | (5) വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണം | 140.00 |
| 2 | പട്ടികവർഗ്ഗക്ഷേമ സ്ഥാപനങ്ങൾക്കുള്ള സഹായം | 220.00 |
| 3 | വിദ്യാഭ്യാസ വിവര വിനിമയ പദ്ധതി (ഐ.ഇ.സി) | 250.00 |
| 4 | ഭവന നിർമ്മാണം | 11508.00 |
| 5 | പട്ടികവർഗ്ഗ ഉപപദ്ധതി പ്രകാരമുള്ള പരിപാടികളിലെ നിർണ്ണായകമായ വിടവ് നികത്തൽ (കോർപ്പസ് ഫണ്ട്) | 5079.00 |
| 6 | അംബേദ്ക്കർ സെറ്റിൽമെന്റ് വികസന പദ്ധതി. (പുതുക്കിയ എ.റ്റി.എസ്.പി ഫണ്ട്/ പ്രത്യേക പാക്കേജ്) | 10000.00 |
| | അടിസ്ഥാന സൗകര്യങ്ങൾ | |
| | എം.ജി.എൻ.ആർ.ഇ.ജി.എസ്. തൊഴിലിനുള്ള വേതനം. | |
| | ആരോഗ്യം | |
| | 2013-14 മുതൽ വകുപ്പ് നടപ്പിലാക്കിയിരുന്ന ഹാംലെറ്റ് ഡെവലപ്മെന്റ് സ്കീമിന്റെ സ്പിൽഓവർ പണികൾക്കുള്ള തുക ഈ പദ്ധതിയിൽ നിന്ന് ചെലവാക്കുന്നതാണ്. | |
| | പി.കെ. കാളൻ കുടുംബക്ഷേമ പദ്ധതി | |
| 7 | ഭൂരഹിതരായ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം (റ്റി.ആർ.ഡി.എം) | 5000.00 |
| 8 | പൂൾഡ് ഫണ്ട് - പട്ടികവർഗ്ഗ ഉപപദ്ധതിയിൽ ഉൾപ്പെടുന്നതും മറ്റ് വകുപ്പുകൾ നിർദ്ദേശിച്ചിട്ടുള്ളതുമായ പ്രത്യേക പ്രോജക്ടുകൾക്കായുള്ള ഫണ്ട് | 1000.00 |
| 9 | എ). മാതൃകാ റസിഡൻഷ്യൽ സ്കൂളുകൾ നടത്തുന്നതിനുള്ള ചെലവുകൾ. | 5500.00 |
| 10 | പട്ടികവർഗ്ഗ വിഭാഗത്തന്റെ വിദ്യാഭ്യാസം അഭിവൃദ്ധിപ്പെടുത്തൽ | 1500.00 |
| | *പ്രാക്തനാ ഗോത്രവർഗ്ഗക്കാർക്ക് പെരിപ്പതറ്റിക് വിദ്യാഭ്യാസം* | |
| | *വിദ്യാർത്ഥികൾക്കായുള്ള ട്യൂട്ടോറിയൽ പദ്ധതി* | |

| ക്രമ നം | പദ്ധതികൾ | തുക (രൂപ ലക്ഷം) |
|---|---|---|
| | *ഗോത്ര സാരഥി* | |
| | *സാമൂഹിക പഠനമുറി ആദിവാസി സങ്കേതങ്ങളിൽ സാമൂഹ്യ പഠനമുറി (പുതിയ ഘടകം)* | |
| 11 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റൽ | 175.00 |
| | പ്രീമെട്രിക് ഹോസ്റ്റലുകളുടെയും പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ | 500.00 |
| 12 | സമഗ്ര പട്ടികവർഗ്ഗ ആരോഗ്യസംരക്ഷണം | 2000.00 |
| | ആർട്ടിക്കിൾ 275(1) പ്രകാരമുള്ള പദ്ധതികൾ | 600.00 |
| 13 | ഭക്ഷണത്തിനു ള്ള സഹായ/സുരക്ഷക്കുള്ള പരിപാടി | 2500.00 |
| 14 | പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയംതൊഴിലിനും നൈപുണ്യവികസന പരിശീലനത്തിനുമുള്ള സഹായം | 500.00 |
| 15 | ട്രൈബൽ പ്രൊമോട്ടർമാർക്കുള്ള ഓണറേറിയം | |
| | 1. ട്രൈബൽ പ്രൊമോട്ടർമാർ | 1360.00 |
| | 2. ഊരുകൂട്ടങ്ങളുടെ സംഘാടനം | 80.00 |
| | 3. മാനേജ്മെന്റ് പരിശീലകർക്കും ഹെൽത്ത് മാനേജ്മെന്റ് പരിശീലകർക്കുമുള്ള ഓണറേറിയം. | 228.00 |
| | 4. ഹോസ്റ്റലുകളിലുംഎം.ആർഎസ്സിലുമുള്ള കൗൺസിലർമാർക്ക് ഓണറേറിയം. | 98.00 |
| | 5. പട്ടികവർഗ്ഗ ക്ഷേമത്തിനുവേണ്ടി സാമൂഹ്യ പ്രവർത്തകരുടെ സേവനം ഉപയോഗപ്പെടുത്തൽ. | 125.00 |
| | ഗോത്രബന്ധു-പ്രൈമറി സ്കൂളുകളിൽ ഗോത്ര വിഭാഗ അദ്ധ്യാപകരുടെ സേവനം | 400.00 |
| 16 | പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായുള്ള സഹായം | |
| | 1. പട്ടികവർഗ്ഗ യുവതികളുടെ വിവാഹ ധനസഹായം | 250.00 |
| | 2. സിക്കിൾ-സെൽ അനീമിയ രോഗികൾക്കുള്ള സഹായം | 175.00 |
| | 3. ജനനി ജന്മരക്ഷ | 1500.00 |
| | 4. പരമ്പരാഗത പട്ടികവർഗ്ഗ വൈദ്യൻമാർക്കുള്ള സാമ്പത്തിക സഹായം | 25.00 |
| | 5. പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് എൻഡോവ്മെന്റ് പരിപാടി (ഗോത്ര വാത്സല്യ നിധി) | 200.00 |
| 17 | 1. അടിയൻ, പണിയൻ, പ്രാക്തനാഗോത്ര വർഗ്ഗക്കാർ, വനത്തിൽ ജീവിക്കുന്ന പട്ടികവർഗ്ഗക്കാർ എന്നിവർക്കുള്ള പ്രത്യേക പരിപാടി | 500.00 |
| | 1. അടിയൻ, പണിയൻ,പ്രാക്തനാഗോത്രവർഗ്ഗ വിഭാഗം | |

| ക്രമ നം | പദ്ധതികൾ | തുക (രൂപ ലക്ഷം) |
|---|---|---|
| | വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ സമഗ്ര വികസനം. | |
| | അഗതി മന്ദിരം | |
| 18 | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നവീകരണം | 250.00 |
| 19 | 1999-ലെ ഭൂമി കൈമാറ്റ നിയന്ത്രണവും അന്യാധീനപ്പെട്ട ഭൂമി പുന: സ്ഥാപിച്ച് നൽകലും നിയമം നടപ്പാക്കലും. | 50.00 |
| 20 | ആദികലാഗ്രാമം | 40.00 |
| 21 | പട്ടികവർഗ്ഗക്കാരുടെ വികസനത്തിന് ഒരുകുടക്കീഴിൽ വരുന്ന പദ്ധതികൾ (50 ശതമാനം സംസ്ഥാന വിഹിതം) | |
| | എ. പട്ടികവർഗ്ഗ മേഖലയിൽ മാതൃകാ റസിഡൻഷ്യൽ സ്കൂളുകളുടെയും, ആശ്രമം സ്കൂളുക ളുടെയും നിർമ്മാണം (50 ശതമാനം സംസ്ഥാന വിഹിതം) | 1500.00 |
| | ബി. ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (സംസ്ഥാന വിഹിതം 50 ശതമാനം) | 450.00 |
| 22 | കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ടിന് (കിർത്താഡ്സ്) ധനസഹായം (സംസ്ഥാന വിഹിതം 50 ശതമാനം) | 125.00 |
| 23 | ഇ. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ഓഹരി മൂലധനം-റ്റി.എ സ്.പി (51 ശതമാനം സംസ്ഥാന വിഹിതം) | 25.50 |
| 24 | സി. അതിക്രമങ്ങൾ തടയൽ നിയമം നടപ്പാക്കൽ (സംസ്ഥാന വിഹിതം 50 ശതമാനം) | 30.00 |
| 25 | പട്ടികവർഗ്ഗ ഉപപദ്ധതി-തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പരിപാടികൾ | 17600.00 |
| 26 | ഗ്രാമവികസന പരിപാടികൾ | |
| | 1. പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ) ( പി. എം. എ. | 3039.50 |
| | 2. എൻ.ആർ.എൽ.എം (ദേശീയ ഗ്രാമീണ ഉപജീവന മിഷ) ( 60 ശതമാനം കേന്ദ്ര വിഹിതം) | 255.00 |
| | ആകെ സംസ്ഥാന പദ്ധതി വിഹിതം | **75108.00** |
| | 100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതികൾ | |
| 26 | പട്ടികവർഗ്ഗ ഉപപദ്ധതിക്കുള്ള പ്രത്യേക കേന്ദ്രസഹായം | 1300.00 |
| 27 | പട്ടികവർഗ വിദ്യാർത്ഥികൾക്കായുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ:- | 3000.00 |
| 28 | 9-ാംക്ലാസ്സിലും 10-ാം ക്ലാസ്സിലും പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പുകൾ (100 ശതമാനം കേന്ദ്ര സഹായ പദ്ധതി) | 500.00 |

| ക്രമ നം. | പദ്ധതികൾ | തുക (രൂപ ലക്ഷം) |
|---|---|---|
| 29 | പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (100 ശതമാനം കേന്ദ്ര സഹായം) | 350.00 |
| 30 | മാതൃകാ റസിഡൻഷ്യൽ സ്കൂളുകളുടെ കെട്ടിട നിർമ്മാണം (100% കേന്ദ്ര സഹായം ആർട്ടിക്കിൾ 275(1) പ്രകാരം) :- | 350.00 |
| 31 | ആർട്ടിക്കിൾ 275(1) പ്രകാരം പട്ടികവർഗ്ഗക്കാരുടെയും മറ്റു പരമ്പരാഗതമായി വനത്തിൽ വസിക്കുന്നവരുടെയും നിയമം(2006)നടപ്പാക്കൽ (വനാവകാശ നിയമം അംഗീകരിക്കൽ) | 100.00 |
| 32 | പട്ടികവർഗ വിദ്യാർത്ഥികൾക്കുള്ള തൊഴിലധിഷ്ഠിത പരിശീലന സ്ഥാപനം :- | 60.00 |
| 33 | പട്ടികവർഗ്ഗക്കാർക്കുവേണ്ടി വിവിധ സൗകര്യങ്ങളോടുകൂടിയ ഹോസ്റ്റലുകൾ | 199.76 |
| 34 | പ്രാക്തന ഗോത്രവർഗ്ഗക്കാർക്കുള്ള സംരക്ഷണവും വികസനവും ചേർന്നുള്ള പദ്ധതി (സി.സി.ഡി പദ്ധതി). | 0.01 |
| 35 | കിർത്താഡ്സിന് പശ്ചാത്തല സൗകര്യമൊരുക്കൽ | 0.01 |
| 36 | കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ സഹകരണ ഫെഡറേഷന് ധനസഹായം | 0.01 |
| 37 | പട്ടികവർഗ വിദ്യാർത്ഥികളുടെ നിലവാരം മെച്ചപ്പെടുത്തൽ :- | 0.01 |
| 38 | വനബന്ധു കല്ല്യാൺ യോജന | 1000.00 |
|  | ആകെ | 6859.80 |
|  | 50 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതികൾ |  |
| 39 | ഗ്രാമവികസന പരിപാടികൾ |  |
|  | 1. പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ) ( പി. എം. എ. | 4559.20 |
|  | 2. എൻ.ആർ.എൽ.എം (ദേശീയ ഗ്രാമീണ ഉപജീവന മിഷ) ( 60 ശതമാനം കേന്ദ്ര വിഹിതം) | 382.50 |
| 40 | പട്ടികവർഗ്ഗക്കാരുടെ വികസനത്തിന് ഒരുകുടക്കീഴിൽ വരുന്ന പദ്ധതികൾ (50 ശതമാനം കേന്ദ്രാവിഷ്കൃത വിഹിതം) |  |
|  | എ. പട്ടികവർഗ്ഗ മേഖലയിൽ മാതൃകാ റസിഡൻഷ്യൽ സ്കൂളുകളുടെയും, ആശ്രമം സ്കൂളുക ളുടെയും നിർമ്മാണം (50 ശതമാനം കേന്ദ്രാവിഷ്കൃത വിഹിതം) | 1500.00 |
|  | ബി. ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം ((50 ശതമാനം കേന്ദ്രാവിഷ്കൃത വിഹിതം) | 450.00 |
| 41 | കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ടിന് (കിർത്താഡ്സ്) ധനസഹായം (50 ശതമാനം കേന്ദ്രാവിഷ്കൃത വിഹിതം) | 125.00 |

| ക്രമ നം | പദ്ധതികൾ | തുക (രൂപ ലക്ഷം) |
| --- | --- | --- |
| 42 | ഇ. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ഓഹരി മൂലധനം-റ്റി.എ സ്.പി(49 ശതമാനം കേന്ദ്രാവിഷ്കൃത വിഹിതം)) | 24.50 |
| 43 | സി. അതിക്രമങ്ങൾ തടയൽ നിയമം നടപ്പാക്കൽ (50 ശതമാനം കേന്ദ്രാവിഷ്കൃത വിഹിതം) | 30.00 |
| | ആകെ (സി) | 7071.20 |
| | ആകെ (ബി+സി) | 13931.00 |
| | ആകെ (എ+ബിസി) | 89039.00 |

Haripriya
സെക്ഷൻ ഓഫീസർ